A

സമഗ്ര ശിക്ഷാ കേരളം

712

## ആത്യന്തിക വിലയിരുത്തൽ II 2025-2026

### അടിസ്ഥാനപാഠാവലി

ക്ലാസ്: 7 സമയം: 2മണിക്കൂർ

---

**നിർദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.

---

**(1)വായിക്കാം, എഴുതാം**

ടൈഗർ ഭാഗ്യവാനായ നായയാണ്. നാടൊട്ടുക്കു ക്ഷാമം പിടിപെട്ട് ജനങ്ങൾ പട്ടിണിയാൽ എല്ലും തോലുമായിത്തീർന്നെങ്കിലും ടൈഗറിനു ചടവൊന്നും ഉണ്ടായിരുന്നില്ല. അവന്റെ ഇരിപ്പുകണ്ടാൽ, വീർത്ത കരിമ്പടക്കെട്ടാണന്നേ തോന്നൂ. കാലുകൾ നാലും വാലും വെളുത്തിട്ടാണ്. കണ്ണുകൾ ചുവപ്പുകലർന്ന തവിട്ടുനിറം. പോലീസുകാരന്റേതുപോലെ ടൈഗറിന്റെ കണ്ണുകൾക്കും രൂക്ഷതയുണ്ട്.

(വൈക്കം മുഹമ്മദ് ബഷീർ)

a) നാടൊട്ടുക്കും ക്ഷാമം പിടിപെട്ട് ജനങ്ങൾ പട്ടിണിയാൽ എല്ലുംതോലുമായിത്തീർന്നെങ്കിലും ടൈഗറിനു ചടവൊന്നും ഉണ്ടായിരുന്നില്ല. ഈ വാക്യം സൂചിപ്പിക്കുന്നത് എന്ത്?

A. ടൈഗറിന്റെ ഭാഗ്യത്തെ.

B. ടൈഗറിന്റെ ശരീരത്തെ

C. പട്ടിണിയെ

D. കണ്ണുകളുടെ രൂക്ഷതയെ

b) 'വീർത്ത കരിമ്പടക്കെട്ടുപോലെ' എന്ന് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?

A. ടൈഗറിന്റെ കാലുകളെ

B. കണ്ണുകളുടെ രൂക്ഷതയെ

C. ടൈഗറിന്റെ വാലിനെ

D. ടൈഗറിന്റെ ഇരിപ്പിനെ

c) പ്രസ്താവന 1: ടൈഗറിന്റെ കാലുകൾ നാലും വാലും വെളുത്തിട്ടാണ്. കണ്ണുകൾ ചുവപ്പുകലർന്ന തവിട്ടുനിറം

പ്രസ്താവന 2: പോലീസുകാരന്റേതുപോലെ ടൈഗറിന്റെ കണ്ണുകൾക്കും രൂക്ഷതയുണ്ട്.

പോലീസുകാരന്റെയും ടൈഗറിന്റെയും പൊതുവായ പ്രത്യേകതയായി പറയുന്ന പ്രസ്താവന ഏത്?

A. പ്രസ്താവന ഒന്നും രണ്ടും ശരി

B. പ്രസ്താവന രണ്ട് മാത്രം ശരി

C. പ്രസ്താവന ഒന്ന് മാത്രം ശരി

D. പ്രസ്താവന ഒന്നും രണ്ടും തെറ്റ്

d) കഥയിലെ സൂചനകൾ പ്രകാരം ടൈഗറിന്റെ ശരീരത്തിന്റെ നിറം എന്താവാം?

A. തവിട്ട് നിറം

B. വെളുപ്പ് നിറം

C. കറുപ്പ് നിറം

D. ചുവപ്പ് നിറം

e) നാട്ടിലെമ്പാടുമുണ്ടായ കൊടിയദാരിദ്ര്യത്തെ കഥയിൽ എങ്ങനെയാണ് സൂചിപ്പിച്ചിരിക്കുന്നത്?

i. ടൈഗറിന്റെ വീർത്തശരീരം

ii. ജനങ്ങളുടെ പട്ടിണി

iii. എല്ലും തോലുമായ ശരീരം

iv. ടൈഗറിന്റെ ചടവുള്ള ശരീരം

A. ഒന്നും രണ്ടും ശരി

B. ഒന്നും നാലും ശരി

C. രണ്ടും മൂന്നും ശരി

D. നാല് മാത്രം ശരി

**(2a)** കാർട്ടൂൺ

കാർട്ടൂൺ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.



(2b) " പാറിവന്ന സെപ്തംബർ മുകിലുകൾ
നാലുദിക്കിലും കറുത്ത കോട്ടയായ്
തീക്കുടുക്കകളുടസ്സുമന്തിയിൽ"
- ഈ വരികൾ അർഥമാക്കുന്നതെന്താണ്?

i. തുരുത്തിനുചുറ്റും കോട്ടകെട്ടി സംരക്ഷിക്കുന്നു.
ii. കാർമേഘം വന്ന് മൂടിക്കിടക്കുന്നു.
iii. ഇടിയും മിന്നലും ഉണ്ടാവുന്നു.
iv. ഭക്ഷണം പാചകം ചെയ്യുന്നു.

A. ഒന്നും, രണ്ടും ശരി
B. രണ്ടും, മൂന്നും ശരി
C. മൂന്നും, നാലും ശരി
D. ഒന്നും, നാലും ശരി

(2c)"എനിക്കറിയാവുന്ന തിയറിയിൽ ആദ്യത്തെത് പ്രാക്ടിക്കലാക്കാൻ നോക്കുകയാണ് കാസിം" എന്താണ് പ്രാക്ടിക്കലാക്കാൻ നോക്കുന്നത്?

A. പ്രസംഗിക്കാൻ പോവുക.
B. ഭാര്യയെ വിളിച്ച് കൊണ്ടുവരിക.
C. തൊട്ടി കിണറ്റിലിട്ട് പൂച്ചയെ രക്ഷിക്കുക.
D. കിണറ്റിലിറങ്ങി പൂച്ചയെ രക്ഷിക്കുക.

(3a) പ്രതികരണക്കുറിപ്പ്



സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഭാഗമായ ഇൻക്ലൂസീവ് കായിക മേളയിലെ ചിത്രമാണിത്. "സ്നേഹസുന്ദരപാതയിലൂടെ" എന്ന യൂണിറ്റിൽ ചേർത്തുപിടിക്കലിന്റെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ? തന്നിരിക്കുന്ന ചിത്രത്തെ അടിസ്ഥാനമാക്കി ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കൂ

അല്ലെങ്കിൽ

**(3b)** വിശകലനക്കുറിപ്പ്

" കാട്ടുമക്കൾ ഉറങ്ങിയ കാട്
വളർന്ന കാട് പോറ്റിയ കാട്
വളർന്ന കാട് ഇന്ന്
കൺകാഴ്ച മാത്രം"

പാഠഭാഗത്തെ ആശയത്തെയും, മനുഷ്യന്റെ പ്രവൃത്തികളെയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**(4a)** ആസ്വാദനക്കുറിപ്പ്

വർണ്ണങ്ങൾ

പുഷ്പങ്ങൾക്കുണ്ടല്ലോ
പലതരം വർണ്ണങ്ങൾ
സസ്യങ്ങൾക്കുണ്ടല്ലോ
വിവിധ വർണ്ണങ്ങൾ
മനുഷ്യന്റെ നിറത്തെ മാത്രം
എല്ലാവരും വ്യത്യസ്തമായി
കാണുന്നതെന്തേ?

- അപർണ.എം.ജി

പ്രകൃതി വർണ്ണശബളമാണ്. ജീവജാലങ്ങളെല്ലാം മനോഹരങ്ങളാണ്.
വർണ്ണങ്ങൾ എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

**(4b)** താരതമ്യക്കുറിപ്പ്

പൊറുക്കാവതല്ല

സൂര്യോദയത്തിൽ ചന്ദ്രന്റെ വാട്ടം
ചന്ദ്രോദയത്തിൽ സൂര്യനുമുണ്ടാം-
ഈ ലോകതത്വത്തിൻ നിദാനമത്രെ
ഈ പ്രപഞ്ചത്തിൽ ജീവികളെല്ലാം.
ഒന്നുമൊന്നിനും മീതെയല്ലെന്നും
ഒന്നിനു മറ്റൊന്നാമാശ്രയമെന്നും
ഒന്നുമൊന്നും ചേർന്നുന്നതിയെന്നും
സമഭാവന വളർത്തിയ ലോകമേ
നമ്മളൊന്നായ് മുന്നേറിയ വീഥികൾ
എത്രവേഗം നമുക്കന്ന്യമായ് തീർന്നു

- (ലക്ഷ്മിപ്രിയ എം.ആർ)